

കവർസ്റ്റോറി

ബിലാൽ ശൂബകി

# ഗസ്സയിൽ രണ്ടാം ഹോളോകാസ്റ്റ്

**ഹമാസ്** അധികാരമേറ്റിട്ട് മൂന്നു വർഷം തികയാൻ പോകുന്നു. പിന്നിട്ട ഏടുകൾ ഒന്ന് പരിശോധിച്ചു നോക്കുക. എന്തെല്ലാം കടമ്പകൾ, വെല്ലുവിളികൾ! തെരഞ്ഞെടുപ്പിലൂടെ ഹമാസ് അധികാരത്തിൽ വന്നതിന്റെ ആദ്യ നിമിഷംതൊട്ടു തന്നെ ചക്രവാളത്തിൽ ഭീഷണികൾ ഉരുണ്ടുകൂടി തുടങ്ങിയിരുന്നു. സകല ദിക്കുകളിൽനിന്നും ഫണം വിടർത്തി വിഷജീവികൾ ഇഴഞ്ഞു വന്നു. ലക്ഷ്യം ഒന്നു മാത്രം. എങ്ങനെയെങ്കിലും ഹമാസ് ഭരണത്തെ താഴെയിറക്കുക. അല്ലെങ്കിൽ സകല രംഗത്തും ഹമാസ് പരാജയമാണെന്ന് വരുത്തിത്തീർത്ത് ഗവൺമെന്റിനെ പുറത്താക്കുന്ന പണി ഗസ്സക്കാരെ ഏൽപിക്കുക.

ഹമാസിന്റെ ശത്രുക്കളുടെ കൂട്ടായ യത്നങ്ങളുടെ ആകത്തുകയാണ് ഗസ്സക്ക് ചുറ്റും പലതരത്തിൽ പ്രയോഗിക്കപ്പെടുന്ന ഉപരോധം. അതുകാരണം ഫലസ്തീനികളുടെ ജീവിതം ദുരിതപൂർണമായി. പ്രതിസന്ധി ദിനംപ്രതി മൂർഛരിക്കുന്നു. ഉപരോധത്തിന് ചുക്കാൻ പിടിക്കുന്നവർ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. എപ്പോഴാണ് ഹമാസ് ഒന്ന് വീണുകിട്ടുക? ഉപരോധം കൊണ്ട് ഹമാസ് ദുർബലമാകുമെന്ന് അവർ ന്യായമായും കണക്കു കൂട്ടി. പക്ഷേ ധീരമായ നീക്കങ്ങളിലൂടെയായിരുന്നു ഹമാസിന്റെ മറുപടി. ഗസ്സയുടെ നിയന്ത്രണം ഏറ്റെടുത്തു കൊണ്ട് ഹമാസ് ശക്തമായ ഒരു സന്ദേശം നൽകുകയായിരുന്നു.

ഉപരോധം കൂടുതൽ മുറുകിക്കൊണ്ടിരുന്നു. ഹമാസിന്റെ പതനത്തിൽ കുറഞ്ഞതൊന്നും അവർ പ്രതീക്ഷിക്കുന്നില്ല. ഇതിനിടക്കാണ് ഹമാസ് ഇസ്രയേലുമായി ഒരു വെടിനിർത്തൽ കരാറുണ്ടാക്കുന്നത്. ഹമാസ് കരാറിൽ എന്തൊക്കെ എഴുതി ഒപ്പിട്ടോ അതെല്ലാം അവർ അക്ഷരംപ്രതി

പാലിച്ചു. ഉപരോധവും ശ്വാസംമുട്ടിക്കലും ശക്തിപ്പെടുമ്പോഴും ഗസ്സയിൽ ഹമാസ് ഭംഗിയായി ഭരണം മുന്നോട്ടു കൊണ്ടുപോകുന്നത് കണ്ട് ഇസ്രയേലി ഉദ്യോഗസ്ഥർ വരെ വിസ്മയിക്കുകയാണെന്ന് ഇസ്രയേലി പത്രങ്ങൾ എഴുതി. കരാർ വ്യവസ്ഥകൾ ഹമാസ് മാത്രമേ പാലിച്ചിരുന്നുള്ളൂ എന്നും ഇതോടൊപ്പം ചേർത്തു വായിക്കണം. ആ കരാറിന്റെ കാലാവധിയാണ് കഴിഞ്ഞ ഡിസംബറിൽ അവസാനിച്ചത്.

കരാർ അവസാനിച്ചതിന് ശേഷമുള്ള ഘട്ടമാണ് നാമിപ്പോൾ ഗസ്സയിൽ കണ്ടുകൊണ്ടിരിക്കുന്നത്. വിവരിക്കാൻ വാക്കുകൾ അശക്തമാകുന്ന ഭീകരത. ബോംബിംഗിൽ തകർന്ന് കിടക്കുന്ന കെട്ടിടങ്ങൾ. രക്തസാക്ഷികളായവരുടെ ഉമ്മമാരുടെ വിലാപങ്ങൾ. ഇസ്രയേൽ അവിടെ ഒരു നരകം തീർക്കുകയാണ്. ഇപ്പോഴത്തെ ആക്രമണത്തിന്റെ ലക്ഷ്യങ്ങൾ, അത് നൽകുന്ന സന്ദേശങ്ങൾ, ആക്രമണത്തിന്റ വ്യാപ്തി ഇതെല്ലാം അൽപം ആഴത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്.

### ആക്രമണ ലക്ഷ്യങ്ങൾ

മൂന്ന് കാരണങ്ങളാലാണ് ഇപ്പോഴത്തെ ആക്രമണം. ഒന്ന്, ഉപരോധം പരാജയപ്പെടുകയും ഹമാസ് നിലനിൽക്കുകയും ചെയ്യുന്നു. രണ്ട്, കരാർ കാലാവധി അവസാനിച്ചത്. മൂന്ന്, 2009-ലെ ഇസ്രയേലീ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള ആഭ്യന്തര രാഷ്ട്രീയം.

ഈ കാരണങ്ങളിൽനിന്നുതന്നെ ആക്രമണലക്ഷ്യം നിർണയിക്കാം. ഇസ്രയേൽ നൽകാൻ ഉദ്ദേശിക്കുന്ന സന്ദേശങ്ങൾ ഇവയാണ്.

1. ഉപരോധംകൊണ്ട് ഹമാസ് വീണില്ലെങ്കിൽ മറ്റു മാർഗങ്ങളിലൂടെ വീഴ്ത്തും. ഉപരോധം എങ്ങനെയൊക്കെ മുറുക്കി മുന്നോട്ട് കൊണ്ടുപോയാലും വലിയ പ്രയോജനമില്ലെന്ന് ഇസ്രയേൽ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടൊന്നും ഗസ്സക്കാർ ഹമാസിനെതിരെ വാളെടുക്കുകയില്ല. ഹമാസിനെ താഴെയിറക്കാൻ നോക്കുന്നവരെയായിരിക്കും ജനം കൈകാര്യം ചെയ്യുക. അങ്ങനെ ഹമാസിനെതിരെ തെരുവു പ്രക്ഷോഭം സ്വപ്നംകണ്ട ഇസ്രയേലും കൂട്ടരും നിരാശരായി. ഈ ആക്രമണത്തിലൂടെ ഇസ്രയേൽ ഹമാസിന് നൽകുന്ന സന്ദേശം ഇതാണ്: ഉപരോധംകൊണ്ട് നീക്കാനായില്ലെങ്കിൽ ആയുധബലം കൊണ്ട് നീക്കും. ഈ ആക്രമണം അതിന്റെ തുടക്കമാണ്.

**ഇസ്രയേലിനെ ചെറുക്കുന്ന വേറെയും ഫലസ്ത്വീനി പോരാളി വിഭാഗങ്ങളുണ്ട്. പിന്നെ എന്തുകൊണ്ട് ഹമാസിനെ മാത്രം ലക്ഷ്യമിടുന്നു? ഹമാസിൽ പല അപകടങ്ങൾ ഒന്നിച്ച് കാണുകയാണ് ഇസ്രയേൽ. മറ്റു ഫലസ്ത്വീനി ഗ്രൂപ്പുകളെക്കാൾ ഇസ്രയേലിന് കടുത്ത സുരക്ഷാ ഭീഷണി സൃഷ്ടിക്കുക ഹമാസാണെന്ന് അവർ മനസ്സിലാക്കുന്നു, പ്രത്യേകിച്ച് ഗസ്സയിൽ.**

ഇസ്രയേലിനെ ചെറുക്കുന്ന വേറെയും ഫലസ്ത്വീനി പോരാളി വിഭാഗങ്ങളുണ്ട്. പിന്നെ എന്തുകൊണ്ട് ഹമാസിനെ മാത്രം ലക്ഷ്യമിടുന്നു? ഹമാസിൽ പല അപകടങ്ങൾ ഒന്നിച്ച് കാണുകയാണ് ഇസ്രയേൽ. ഒന്ന്, മറ്റു ഫലസ്ത്വീനി ഗ്രൂപ്പുകളെക്കാൾ ഇസ്രയേലിന് കടുത്ത സുരക്ഷാ ഭീഷണി സൃഷ്ടിക്കുക ഹമാസാണെന്ന് അവർ മനസ്സിലാക്കുന്നു, പ്രത്യേകിച്ച് ഗസ്സയിൽ.

രണ്ട്, ഇസ്രയേലിനെ അംഗീകരിക്കാത്ത ഏറ്റവും പ്രബലമായ ഫലസ്ത്വീനി ഗ്രൂപ്പാണ് ഹമാസ്. അവർക്ക് അറബ്-ഇസ്ലാമിക ലോകത്ത് നല്ല സ്വീകാര്യതയുണ്ട്.

മൂന്ന്, ഹമാസിന്റെ ആദർശപരവും ചിന്താപരവുമായ അടിത്തറ. ഇതിനെ മിസൈലുകളെക്കാൾ ഇസ്രയേൽ പേടിക്കുന്നു.

അതേസമയം ആക്രമണം ഹമാസിന് മാത്രമുള്ള സന്ദേശവുമല്ല. ചെറുത്തുനിൽപ് പ്രസ്ഥാനങ്ങൾക്കൊക്കെയുള്ള മുന്നറിയിപ്പാണ്. അതായത്, പോരാളി സംഘങ്ങൾ അവയുടെ വിഭവങ്ങളും പ്രഹരശേഷിയും വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത് കണ്ടില്ലെന്ന് നടിച്ച് ഇസ്രയേൽ മിണ്ടാതിരിക്കുമെന്ന് കരുതണ്ട. പോരാളി വിഭാഗങ്ങൾ പ്രത്യേകിച്ച് ഹിസ്ബുല്ല അവയുടെ സൈനികശേഷി വർധിപ്പിച്ചതിനെക്കുറിച്ച് *ഹാരേറ്റ്സ്* എന്ന ഇസ്രയേലി പത്രത്തിൽ ഈയിടെ റിപ്പോർട്ട് വന്നിരുന്നു.

2. ഗസ്സയിൽ ചാലിട്ടൊഴുകുന്ന ചോര ഇസ്രയേലി വോട്ടർമാർക്കുള്ള ഒരു സന്ദേശമാണ്. ഈ മൃഗീയമായ സൈനിക നടപടിയിലൂടെ ഇസ്രയേലീ രാഷ്ട്രീയ പാർട്ടികൾ എങ്ങനെ മുതലെടുപ്പ് നടത്തുമെന്ന് നോക്കാം. ഇപ്പോൾ ഖാദിമ കക്ഷിയാണ് ഭരിക്കുന്നത്. ഹമാസ് ഉൾപ്പെടെയുള്ള ഏത് വിഭാഗത്തെയും നേരിടാൻ തങ്ങൾ പ്രാപ്തരാണെന്ന് ഇസ്രയേലി വോട്ടർമാരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ് ഈ നടപടിയിലൂടെ ആ പാർട്ടി. ലബ്നാനിലെ ദുരനുഭവം ഇനിയൊരിക്കലും ആവർത്തിക്കുകയില്ലെന്നും അവർ തെളിയിക്കാൻ ശ്രമിക്കുന്നു.

ഗസ്സ ആക്രമണത്തിന് നേതൃത്വം നൽകുന്ന രാജ്യരക്ഷാമന്ത്രി യഹൂദ് ബറാകാണ് ലേബർ പാർട്ടിയെ തെരഞ്ഞെടുപ്പ് ഗോദയിൽ നയിക്കുന്നത്. ഇയാൾക്കും ഫലസ്ത്വീനികളുടെ ചോരകൊണ്ട് മുതലെടുപ്പ് നടത്തണമെന്നല്ലാതെ മറ്റൊരു ചിന്തയില്ല. ബറാക് പറയാതെ പറയുന്നത് ഇതാണ്: 'ലേബർ പാർട്ടിക്കാരൻ രാജ്യരക്ഷാമന്ത്രി ആയതുകൊണ്ടാണ് ഇസ്രയേലിന് സുരക്ഷിതമായി അന്തിയുറങ്ങാൻ കഴിയുന്നത്.' ഇയാളുടെ ഒരു ഇലക്ഷൻ നമ്പർ കാണുക. ഗസ്സയുടെ ഭാഗത്തുള്ള അതിർത്തി കാക്കുന്നതിന് മുഴുസമയം ചെലവഴിക്കേണ്ടിവന്നതിനാൽ താൻ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇറങ്ങുകയില്ല എന്നാണ് ടിയാൻ പത്രപ്രസ്താവന ഇറക്കിയത്. ഇതിനേക്കാൾ സമർഥമായ ഒരു ഇലക്ഷൻ പ്രചാരണമുണ്ടോ! ചോരപ്പാടുകൾ വിധിനിർണയിക്കുന്ന ഒരു തെരഞ്ഞെടുപ്പാവുമ്പോൾ പ്രത്യേകിച്ചും.

ഇനി ലിക്വിഡ് പാർട്ടിയുടെ കാര്യം. ഹമാസിനോട് കാർക്കശ്യം പുലർത്തുന്നില്ല എന്നായിരുന്നു ലിക്വിഡിന്റെ നേതാവ് നെതന്യാഹു, ഖാദിമ പാർട്ടിയെ നിരന്തരം വിമർശിച്ച് പോന്നത്. ഇപ്പോഴിതാ ഖാദിമക്കാർ ഗസ്സയെ ആക്രമിച്ചിരിക്കുന്നു. ലിക്വിഡ് പാർട്ടിക്കാർ പറയുന്നത് ഇതാണ്: കുടിയേറ്റ പ്രദേശങ്ങളിൽനിന്ന് നിരുപാധികം പിൻവാങ്ങുക എന്ന ഖാദിമയുടെ പദ്ധതി പൂർണപരാജയമായിരുന്നുവെന്ന് ഈ ആക്രമണത്തിലൂടെ അവർ സമ്മതിച്ചിരിക്കുന്നു. സൈനിക നടപടി മാത്രമാണ് പോംവഴി. സൈനിക നടപടി തങ്ങളുടെ ആശയമാണെന്നും ഖാദിമക്കാർ പിൻമാറ്റത്തിന്റെ ആളുകളാണെന്നും ലിക്വിഡ് പ്രചരിപ്പിക്കുന്നു.

ടിസിപ്പി ലിവ്നി എന്ന പഴയ മൊസാദ് ചാര വനിത ഈ ആക്രമണത്തിലൂടെ വ്യക്തിപരമായ നേട്ടങ്ങൾ മുന്നിൽ കാണുന്നുണ്ട്. ഖാദിമ ജയിച്ചാൽ ലിവ്നിയാകും പ്രധാനമന്ത്രി. നിലവിലെ പ്രധാനമന്ത്രി ഒൽമർട്ട് അഴിമതിക്കേസിൽ

കുടുങ്ങിയതിനാൽ കാര്യമായ പ്രതിയോഗികളുമില്ല. കൂടുതൽ രക്തം ചിന്തുന്നവരിൽ വിശ്വാസമർപ്പിക്കുന്ന പതിവ് തെറ്റിക്കാത്ത ഇസ്രയേലി സമൂഹത്തിന് ലിവ്നി നൽകുന്ന സന്ദേശമിതാണ്: ഗോൾഡാമെയർ (ഇസ്രയേലിലെ ആദ്യ വനിതാ പ്രധാനമന്ത്രി) ഇതാ പുനർജനിച്ചിരിക്കുന്നു.

3. ഫലസ്തീനി ചെറുത്തുനിൽപ് സംഘങ്ങളെ തകർക്കുമെന്നും ഹമാസിനെ ഉന്മൂലനം ചെയ്യുമെന്നും ലിവ്നി പ്രഖ്യാപിച്ചത് കെയ്റോയിൽ വെച്ച്. പതിവ് പ്രസ്താവന ലിവ്നി ഇവിടെയും ആവർത്തിച്ചു എന്നേ രാഷ്ട്രീയ നിരീക്ഷകർ ഇതിനെപ്പറ്റി പറഞ്ഞുള്ളൂ. യഥാർഥത്തിൽ ഏറ്റവും വലിയ അറബ് തലസ്ഥാനമായ കെയ്റോയിൽവെച്ചുതന്നെ ലിവ്നി ഇത് പറഞ്ഞത് അറബ് സമൂഹങ്ങളെയും ഭരണകൂടങ്ങളെയും അവഹേളിക്കാനും പരിഹസിക്കാനുമാണ്. അറബികളുടെ കേന്ദ്രത്തിൽ പോയിത്തന്നെ അവരെ ഭീഷണിപ്പെടുത്തുക എന്ന ധിക്കാരം.

4. ഇസ്രയേലിനെ എതിർക്കുന്നവർ ആരായിരുന്നാലും അവർക്ക് ദുരിതത്തോട് ദുരിതമേ ഉണ്ടാവൂ എന്ന് ബോധ്യപ്പെടുത്തുക. ഇത് ഇസ്രയേൽ പണ്ടേക്കും പണ്ടേ പയറ്റിപ്പോരുന്ന ഒരു തന്ത്രമാണ്. ഇസ്രയേലുമായി അടുപ്പത്തിൽ നിന്നാൽ സമാധാനപരമായി ജീവിക്കാം. ഇവിടെ രണ്ട് മാതൃകകൾ ഇസ്രയേൽ ബോധപൂർവം സൃഷ്ടിച്ചിരിക്കുന്നു. ഒന്ന്, പടിഞ്ഞാറെ കരയിൽ, മറ്റേത് ഗസ്സയിൽ. ഗസ്സ ദുരന്തത്തെക്കുറിച്ച് പറയുന്നവരോട് ഇസ്രയേൽ പടിഞ്ഞാറെ കരയെ ചൂണ്ടി ധ്വനിപ്പിക്കാൻ ശ്രമിക്കുന്നത്, തങ്ങൾ ഫലസ്തീനികൾക്ക് എതിരല്ല എന്നാണ്. സമാധാനം കാംക്ഷിക്കാത്ത ഒരു വിഭാഗത്തോട് മാത്രമേ തങ്ങൾക്ക് ശത്രുതയുള്ളൂ എന്നും.

പക്ഷേ ഈ സന്ദേശം ഏറ്റുപിടിക്കാൻ പടിഞ്ഞാറെ കരയിലെ ഫലസ്തീനി യുവാക്കൾ തയാറായില്ല. അവർ പ്രതിഷേധവുമായി തെരുവിലിറങ്ങി. അധിനിവേശ സൈന്യവുമായി ഏറ്റുമുട്ടി. എന്നിട്ട് ഇസ്രയേലിന് അങ്ങോട്ട് ഒരു സന്ദേശം കൊടുത്തു: ഫലസ്തീനികൾക്കിടയിൽ എന്തൊക്കെ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും അവർ ഇസ്രയേലിന് അരുനിൽക്കുകയില്ല.

ഈ ആക്രമണം ഏതറ്റംവരെ പോകും എന്നതിനെക്കുറിച്ച് പലകേന്ദ്രങ്ങളിലും ചർച്ച നടക്കുന്നു. മേൽപ്പറഞ്ഞ ഇസ്രയേലീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുമോ ഇല്ലേ എന്നതിനെ ആശ്രയിച്ചായിരിക്കും ഇതിന്റെ ഉത്തരം. ആക്രമണം ലക്ഷ്യം നേടുന്നില്ലെന്നുകണ്ടാൽ അതേ തീവ്രതയോടെ അത് പിന്നീട് തുടരാതിരിക്കുന്നതാണ് ഇസ്രയേലിന്റെ രീതി. ഫലസ്തീനി പോരാളി സംഘങ്ങൾക്ക് ഇസ്രയേലിന് കാര്യമായ നാശനഷ്ടങ്ങൾ വരുത്താൻ കഴിഞ്ഞാൽ അത് രാഷ്ട്രീയ പാർട്ടികൾക്ക് തെരഞ്ഞെടുപ്പിൽ തിരിച്ചടിയാവുകയും ചെയ്യും. പടിഞ്ഞാറെ കരയിലും അറബ് തെരുവുകളിലും ഉയരുന്ന പ്രതിഷേധങ്ങൾ ഇസ്രയേൽ നൽകാൻ ഉദ്ദേശിക്കുന്ന സന്ദേശങ്ങൾ തിരസ്കരിക്കപ്പെട്ടു എന്നതിന്റെ സൂചനയാണ്. ആക്രമണത്തിന്റെ വ്യാപ്തി ഇത് കാരണം കുറഞ്ഞേക്കും. ഇതൊന്നുമില്ലെങ്കിൽ രക്തമൊഴുക്കലും വീട് തകർക്കലും ഇസ്രയേൽ നിർബാധം തുടർന്നുകൊണ്ടിരിക്കും. ■

(ഫലസ്തീൻ വംശജനും അന്നജാഹ് സർവകലാശാലയിൽ രാഷ്ട്രമീമാംസയിൽ അധ്യാപകനുമാണ് ലേഖകൻ)